**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2578** **13-12-2022 - ൽ മറുപടിയ്ക്ക്**

**പ്രഖ്യാപിത പദ്ധതികളുടെ സമയ ബന്ധിത പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പ്രഖ്യാപിത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തത് മൂലം ഖജനാവിനുണ്ടാകുന്ന നഷ്ടം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളെ മുൻഗണനാടിസ്ഥാനത്തിൽ നാല് ബാച്ചുകളായി തരംതിരിച്ചിട്ടുണ്ട്. അതിലെ ഓരോ ബാച്ചുകളിലേയും ഒരോരോ പദ്ധതികളുടെയും അവലോകനം മുഖ്യമന്ത്രി നേരിട്ട് നടത്തുകയും, പുരോഗതി വിലയിരുത്തിയശേഷം, അവ വേഗത്തിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുകയും ചെയ്യുന്നുണ്ട്.<br><br>ജില്ലാ വികസന കമ്മീഷണർമാർക്ക് അവരവരുടെ ജില്ലകളിലുള്ള മുൻഗണനാ പദ്ധതികളുടെ സസൂക്ഷ്മ നിരീക്ഷണത്തിനുള്ള ഉത്തരവാദിത്വം ഏൽപിച്ചിട്ടുണ്ട്. കൂടാതെ, ടി പദ്ധതികളുടെ നടത്തിപ്പിൽ സർക്കാരിന്റെ ഇടപെടലോ/ തീരുമാനമോ ആവശ്യമായി വരുന്ന വിഷയങ്ങൾ ജില്ലാ കളക്ടർ മുഖാന്തരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമെ, കാലതാമസം ഒഴിവാക്കി പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് മുഖ്യമന്ത്രിയുടെ ഒഫീസിൽ ഒരു പദ്ധതി നിർവഹണ സെൽ (PIC) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നിർവഹണ സെല്ലും, പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പും ചേർന്ന് മുൻഗണനാ പദ്ധതികളുടെ ഒരു സംയോജിത നിരീക്ഷണവും, അവലോകനവും നടത്തിവരുന്നു. പ്രസ്തുത അവലോകനത്തിൽ മുൻഗണനാ പദ്ധതികളുമായി ബന്ധപ്പെട്ട വകുപ്പുകൾ തമ്മിലുള്ള തർക്കവിഷയങ്ങളും, നയപരമായ തീരുമാനങ്ങൾ ആവശ്യമായ കാര്യങ്ങളും ചീഫ് സെക്രട്ടറി തലത്തിൽ പരിശോധിച്ച് പരിഹരിക്കാൻ തക്ക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>മുൻഗണനാ പദ്ധതികളുടെ നിരീക്ഷണവും, അവലോകനവും മുഖ്യമന്ത്രിയുടെ പദ്ധതി നിർവഹണ സെല്ലും, മറ്റു വകുപ്പുകളിലെ നോഡൽ ഓഫീസർമാരും, |

| | | | |
|---|---|---|---|
| | | | ജില്ലാതലത്തിൽ ജില്ലാ കലക്ടർമാരും , ജില്ലാ വികസന കമ്മീഷണർമാരും, പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പും യഥാസമയം നടത്തിവരുന്നുണ്ട്. |
| (ബി) | പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രായോഗികതകൾ മനസ്സിലാക്കാതെ വിഭാവനം ചെയ്യുകയും കൺസൾട്ടൻസിയെ നിയമിച്ച് കോടിക്കണക്കിന് രൂപ ചെലവഴിച്ചതിന് ശേഷം അപ്രായോഗിക പദ്ധതിയെന്ന പേരിൽ ഉപേക്ഷിക്കുകയും ചെയ്യുന്നതുമൂലം കോടിക്കണക്കിന് രൂപ ദുർവ്യയം ചെയ്യുന്നത് ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തിന്റെ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളെ മുൻഗണനാടിസ്ഥാനത്തിൽ നാല് ബാച്ചുകളായി തരംതിരിച്ചിട്ടുണ്ട്. അതിലെ ഓരോ ബാച്ചുകളിലേയും ഒരോരോ പദ്ധതികളുടെയും അവലോകനം മുഖ്യമന്ത്രി നേരിട്ട് നടത്തുകയും, പുരോഗതി വിലയിരുത്തിയശേഷം, അവ വേഗത്തിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുകയും ചെയ്യുന്നുണ്ട്.<br><br>ജില്ലാ വികസന കമ്മീഷണർമാർക്ക് അവരവരുടെ ജില്ലകളിലുള്ള മുൻഗണനാ പദ്ധതികളുടെ സസൂക്ഷ്മ നിരീക്ഷണത്തിനുള്ള ഉത്തരവാദിത്വം ഏൽപിച്ചിട്ടുണ്ട്. കൂടാതെ, ടി പദ്ധതികളുടെ നടത്തിപ്പിൽ സർക്കാരിന്റെ ഇടപെടലോ/ തീരുമാനമോ ആവശ്യമായി വരുന്ന വിഷയങ്ങൾ ജില്ലാ കളക്ടർ മുഖാന്തരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമെ, കാലതാമസം ഒഴിവാക്കി പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് മുഖ്യമന്ത്രിയുടെ ഓഫീസിൽ ഒരു പദ്ധതി നിർവഹണ സെൽ (PIC) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നിർവഹണ സെല്ലും, പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പും ചേർന്ന് മുൻഗണനാ പദ്ധതികളുടെ ഒരു സംയോജിത നിരീക്ഷണവും, അവലോകനവും നടത്തിവരുന്നു. പ്രസ്തുത അവലോകനത്തിൽ മുൻഗണനാ പദ്ധതികളുമായി ബന്ധപ്പെട്ട വകുപ്പുകൾ തമ്മിലുള്ള തർക്കവിഷയങ്ങളും, നയപരമായ തീരുമാനങ്ങൾ ആവശ്യമായ കാര്യങ്ങളും ചീഫ് സെക്രട്ടറി തലത്തിൽ പരിശോധിച്ച് പരിഹരിക്കാൻ തക്ക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>മുൻഗണനാ പദ്ധതികളുടെ നിരീക്ഷണവും, അവലോകനവും മുഖ്യമന്ത്രിയുടെ പദ്ധതി നിർവഹണ സെല്ലും, മറ്റ് വകുപ്പുകളിലെ നോഡൽ ഓഫീസർമാരും, ജില്ലാതലത്തിൽ ജില്ലാ കലക്ടർമാരും , ജില്ലാ വികസന കമ്മീഷണർമാരും, പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പും യഥാസമയം നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ